**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 126** — **28-07-2021 - ൽ മറുപടിയ്ക്ക്**

**രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് രാഷ്ട്രീയഭേദത്തിന്റെ പേരിൽ അക്രമവും കൊലപാതകങ്ങളും ഉണ്ടാകാതിരിക്കാൻ പോലീസ് സംവിധാനം നിഷ്പക്ഷമായും കാര്യക്ഷമമായും ഇടപെടുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ചേരിതിരിഞ്ഞ് ഉണ്ടാകുന്ന രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും ഒഴിവാക്കുന്നതിനായി രഹസ്യാന്വേഷണ വിഭാഗത്തിന്റെ സഹായത്തോടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുകയും കാര്യക്ഷമവും, കുറ്റമറ്റതുമായ രീതിയിൽ പോലീസ് പട്രോളിങ്ങും നടത്തി വരുന്നുണ്ട്. ഇത്തരം പ്രദേശങ്ങളിൽ ഏതെങ്കിലും തരത്തിൽ രാഷ്ട്രീയ അസ്വാസ്ഥ്യം ഉണ്ടാകുവാൻ സാധ്യതയുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേകം നിരീക്ഷണങ്ങൾ നടത്തി ആവശ്യമായ പോലീസ് പിക്കറ്റും മറ്റും ഏർപ്പെടുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഇത്തരത്തിൽ ഏതെങ്കിലും രാഷ്ട്രീയ സംഘട്ടനങ്ങളോ, കൊലപാതകമോ റിപ്പോർട്ടായാൽ കുറ്റക്കാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നിഷ്പക്ഷവും, കാര്യക്ഷമവുമായ അന്വേഷണം നടത്തി യഥാസമയം കോടതികളിൽ കുറ്റപത്രം സമർപ്പിച്ച് കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കൊലപാതകം ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് കെ.പി.സി.സി. പ്രസിഡന്റിന്റെ പ്രസ്താവന മാധ്യമങ്ങളിൽ വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇരകളുടെ ബന്ധുക്കൾ അത്തരം കേസുകളിൽ പുനരന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടോ; സ്വയം വെളിപ്പെടുത്തലിന്റെയടിസ്ഥാനത്തിൽ കാര്യക്ഷമവും സത്യസന്ധവുമായി അന്വേഷണം ഉറപ്പാക്കുമോ; രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ തലപ്പത്തുള്ളവർ നടത്തുന്ന പ്രസ്താവനകൾ അക്രമത്തിനുള്ള പ്രേരണയാകുമെന്ന കാര്യം ഗൗരവത്തിലെടുക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| (സി) | മുൻ മന്ത്രി ശ്രീ. ഇ. പി. ജയരാജനെ വധിക്കാൻ ശ്രമം നടത്തിയ കേസ്സിൽ ആരൊക്കെയായിരുന്നു പ്രതികൾ എന്ന് അറിയിക്കാമോ? | (സി) | മുൻ മന്ത്രി ശ്രീ. ഇ.പി. ജയരാജനെ വധിക്കാൻ ശ്രമം നടത്തിയതിന് പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 227/2000 u/s 143, 147, 148, 353, 307 r/w 149 IPC & Sec. 3 & 5 ES Act ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നു. കേസിലെ പ്രതികളുടെ വിവരം ചുവടെ ചേർക്കുന്നു. 1) മൊട്ടെമ്മൽ ഷാജി @ കാക്ക ഷാജി 2) കാപ്പുംചാലിൽ വിജേഷ് @ ബിനു 3) പൂവത്തിന്റവിട സെൽവരാജ് 4) മമ്മേരിപൊയിൽ അരവിന്ദൻ 5) രതീശൻ 6) പുതിയവീട്ടിൽ സജീവൻ 7) ചന്ദനപ്പുറത്ത് സജീവൻ 8) ഇടത്തിൽ മീത്തൽ ദാസൻ 9) തട്ടിൽ രൂപേഷ് 10) പൊയിൽ പ്രകാശൻ 11) കുഞ്ഞിംവീട്ടിൽ സജിവൻ 12) കൊമ്മേരി വിനോദൻ 13) കുന്നുമ്മൽ മഹേഷ് 14) കിഴക്കേവീട്ടിൽ ശ്രീധരൻ 15) കാട്ടിന്റവിട ദിവാകരൻ 16) അനിൽ കുമാർ 17) പറക്കുതാഴെ രാജീവൻ 18) മമ്മേരി വിനോദൻ 19) കുന്തോളി പുരുഷ 20) വി.സി. സന്തോഷ് കുമാർ 21) വി.സി. വിജയൻ 22) ചെറിയ കളിച്ചേരി സുരേഷ് ബാബു 23) ശ്രീജേഷ് 24) ഇക്കരപ്പറമ്പത്ത് സന്തോഷ് 25) വണ്ണത്താൻ വീട്ടിൽ സതീശൻ 26) വടക്കെയിൽ രഞ്ജിത്ത് 27) കക്കോട്ട് പ്രമോദ് 28) തരസിയിൽ രാജൻ 29) വടക്കെയിൽ സത്യൻ 30) കുഞ്ഞിരാമൻ @ മോഹനൻ 31) രാജീവൻ @ കുഞ്ഞിക്കുട്ടി 32) കൃഷ്ണൻ 33) നെല്ലിയുള്ള പറമ്പത്ത് രാജൻ @ തൈയുള്ള പറമ്പത്ത് രാജൻ 34) എം. കെ. രാജൻ @ ബ്ലേഡ് രാജൻ 35) പുനത്തിന്റവിട സത്യൻ 36) കിണ്ട്യൻ പാറക്കൽ ശശി 37) ഉപ്പണരത്ത് മനോജ് 38) ചാലിൽ സുരൻ @ സുരേഷ് ബാബു |

സെക്ഷൻ ഓഫീസർ